# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 28.04.2021 മുതൽ 02.05.2021 വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 34/2021 | തീയ്യതി: 27/04/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 1.6 | 33.2 – 35.0 | 25.2 – 27.6 | 69 - 88 | 00 -06 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 28-04-2021 | 29-04-2021 | 30-04-2021 | 01-05-2021 | 02-05-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 4 | 10 | 10 | 4 | 6 |
| കൂടിയ താപനില, °C | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില, °C | 28 | 27 | 27 | 27 | 27 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 4 | 6 | 8 | 10 | 10 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 270 | 320 | 290 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 7 | 7 | 5 | 5 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | മഴ ലഭിക്കും.<br>വൃക്ഷവിളകൾ നടുന്നതിനും നിലവിലുള്ളവയ്ക്ക് ഒന്നാം ഗഡു വളം ചേർക്കുന്നതിനും അനുയോജ്യമായ സമയമാണ്. മണ്ണിലെ അമ്ലത്വം നിർവ്വീര്യമാക്കിയതിനു ശേഷം വളപ്രയോഗം നടത്തുന്നതാണ് ഉത്തമം. ഇതിനായി മണ്ണ് പരിശോധിച്ചതിനുശേഷം നിർദിഷ്ട അളവിൽ കുമ്മായം/ഡോളമേറ്റ് ചേർക്കുക. കുമ്മായം/ഡോളമേറ്റ് ചേർത്ത് മൂന്ന് ആഴ്ച്ചയ്ക്കു ശേഷം മാത്രമേ വളപ്രയോഗം നടത്താൻ പാടുള്ളൂ.<br>വിളകൾ നടുമ്പോൾ,ചെടികൾ തമ്മിൽ ശാസ്ത്രീയമായ അകലം ഉറപ്പാക്കണം. മേൽ മണ്ണിന്റെ കൂടെ ജൈവ വളങ്ങൾ മിശ്രിതം ചെയ്തു വേണം കുഴികൾ മൂന്നിൽ രണ്ടു ഭാഗം നിറക്കാൻ. വർഷ കാലം തുടങ്ങുന്നതോടുകൂടി തൈകൾ നടാം.<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര എന്നിങ്ങനെയുള്ള കാർഷിക ഉല്പന്നങ്ങൾ വെയിലത്ത്തിട്ടുണക്കുന്നത് ശ്രദ്ധാപൂർവം ആയിരിക്കണം | | |

| | | | |
|---|---|---|---|
| നെല്ല്: വിരുപ്പൂ (ഒന്നാം വിള) | നിലമൊരുക്കൽ | മഴ ലഭിക്കുന്ന സാഹചര്യത്തിൽ, ഒന്നാം വിള നെല്ല് പറിച്ച് നാടാൻ പറ്റാത്ത പാടങ്ങളിൽ വൈകാതെ പൊടിവിതായോ നുരിയിടലോ അവലംബിക്കാവുന്നതാണ്. വിത്തിൻറെ അളവ് ഒരേക്കറിന് 32 മുതൽ 36 കി. ഗ്രാം വരെ. നിലമൊരുക്കിയതിനു ശേഷം, ചെടികൾ തമ്മിൽ 15 മുതൽ 20 സെ. മീ അകലം വരുന്ന വിധത്തിൽ വിത്തുകൾ വിതറുക. | |
| തെങ്ങ് | വളപ്രയോഗം | നടാൻ വേണ്ടി നിലമൊരുക്കാം.<br>നടാനുള്ള കുഴികൾക്ക് 1 മീറ്റർ വീതം നീളവും വീതിയും ആഴവും ഉണ്ടായിരിക്കണം. ചെങ്കൽ പ്രദേശമാണെങ്കിൽ കുഴികൾക്ക് 1.2 മീറ്റർ വീതം നീളവും വീതിയും ആഴവും വേണം.<br>മേൽമണ്ണും ചാണകപ്പൊടിയും ചാരവും കൂട്ടിക്കലർത്തിയ മിശ്രിതം ഉപയോഗിച്ച് കുഴിയുടെ മൂന്നിൽ ഒരു ഭാഗം നിറക്കുക.<br>തൈക്കുഴിയിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. മഴക്കാലത്ത് കുഴിയിലേക്ക് വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ ചുറ്റും വരമ്പ് തീർക്കുക. | |
| | നിലമൊരുക്കൽ | വളം ചേർക്കാൻ തടം തുറക്കാം. കായ്ക്കുന്ന തെങ്ങൊന്നിന് ഒന്ന് മുതൽ രണ്ടു കിലോഗ്രാം വരെ കുമ്മായം/ഡോളമൈറ്റ് ചേർക്കുക. ആലവളം/കമ്പോസ്റ്റ്/ പച്ചിലവളം 25 കിലോയിൽ കുറയാതെ ചേർക്കുക. കുമ്മായം ചേർത്ത് മൂന്നാഴ്ച്ചയെങ്കിലും കഴിഞ്ഞതിനു ശേഷം മാത്രം രാസവളം ചേർക്കുക. മണ്ണ് പരിശോധിക്കുകയാണെങ്കിൽ ഏതൊക്കെ മൂലകങ്ങൾ ചേർത്ത് കൊടുക്കേണം എന്നും അവ നൽകേണ്ടുന്ന അളവും കൃത്യമായി നിർണയിക്കാനും സാധിക്കും.<br>ഒരു വര്ഷം പ്രായമായ തെങ്ങിന് കായ്ക്കുന്ന തെങ്ങിന് നൽകുന്നതിന്റെ മൂന്നിൽ ഒരു ഭാഗവും രണ്ടു വരഷമായാൽ മൂന്നിൽ രണ്ടു ഭാഗവും മൂന്ന് വര്ഷം മുതൽ മേല്പോട്ടു പ്രായം ആയവയ്ക്കു മുഴുവൻ അളവിലും വളങ്ങൾ നൽകുക. | |
| | വിവിധ ഘട്ടം | കൂമ്പ്ചീയൽ<br> | കൂമ്പ്ചീയൽ രോഗത്തിന് മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം ) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി ഒലിച്ചിറങ്ങുന്നത് വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കപ്പെടും.<br>അല്ലെങ്കിൽ<br>വൃത്തിയാക്കിയ ശേഷം തെങ്ങിന്റെ മണ്ടയിലും, കൂമ്പിലും, മുൻകരുതലായി, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. |
| കവുങ്ങ് | കായ്ക്കുന്ന സമയം | പൂങ്കുല കരിച്ചിൽ<br> | ഉയർന്ന താപ ആർദ്ര സ്ഥിതി തുടരുന്നതിനാൽ രോഗം ഉണ്ടാകാൻ സാധ്യത. രോഗം കാണുകയാണെങ്കിൽ ഹെക്സകൊണസോൾ 1 മില്ലി /ലിറ്റർ അല്ലെങ്കിൽ ബോർഡോ മിശ്രിതം 1 % എന്ന തോതിൽ തളിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| കശുമാവ് | പുതു നാമ്പ് വരുന്ന ഘട്ടം | തടിതുരപ്പൻ   | തായ്ത്തടികളിലും പുറമെ കാണുന്ന വേരുകളിലും കാർബോസൾഫാൻ 3 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി പുരട്ടുകയും മണ്ണിൽ ഒഴിച്ച് കൊടുക്കുകയും ചെയ്യുക.<br><br>5 വർഷത്തിന് മുകളിൽ പ്രായമായ മരങ്ങളാണെങ്കിൽ ചെളി : ടാർ - മണ്ണെണ്ണ മിശ്രിതം (1:2അനുപാതത്തിൽ) മുൻകരുതലായി കൊടുക്കാവുന്നതാണ്.<br><br>മണ്ണിനു വെളിയിൽ കാണുന്ന വേരുകൾ മണ്ണിട്ട് മൂടുക. |
| ഇഞ്ചി | നടുന്ന സമയം | വാട്ടം | മുൻകരുതലായി നടുന്ന സമയം നിലമൊരുക്കുമ്പോൾ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകം ( നൂറു കിലോഗ്രാം ചാണകത്തിൽ ഒരു കിലോഗ്രാം ട്രൈക്കോഡെർമ) ഉപയോഗിക്കുക).<br><br>അല്ലെങ്കിൽ<br><br>നൂറു ചതുരശ്രമീറ്ററിന് 25 ഗ്രാമ വീതം ട്രൈക്കോഡെർമ മണ്ണിൽ നേരിട്ട് ചേർത്തു യോജിപ്പിക്കുക. |

ഒപ്പ് /-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി